-13-

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്
കുളത്തൂപ്പുഴ എസ്റ്റേറ്റ്
കൂവക്കാട് പി. ഒ
ഫോൺ: 0475 2317556

ആർ. പി.എൽ/കെ.ഇ/എ1/359/2000/വാല്യം. 7 /554 13.06.2025

**ദർഘാസ് – ലേല പരസ്യം**

ആർ.പി.എൽ കുളത്തൂപ്പുഴ എസ്റ്റേറ്റിലെ യൂണിറ്റ് 1,3, 4 – കളിൽ ജൂൺ ആദ്യവാരത്തിലുണ്ടായ ശക്തമായ കാറ്റിലും മഴയിലും വീണിട്ടുള്ള റബ്ബർ മരങ്ങളിൽ നിന്നും കിട്ടാവുന്ന റബ്ബർ തടിയും വിറകും ശേഖരിച്ച് എസ്റ്റേറ്റിലെ മേൽ പറഞ്ഞ യൂണിറ്റുകളിൽ അട്ടിവച്ച് അളന്നുതിട്ടപ്പെടുത്തിയതിനുശേഷം എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അവകാശം ജൂൺ മാസം21–ാം തീയതി രാവിലെ 11.30 മണിയ്ക്ക് എസ്റ്റേറ്റ് മാനേജരുടെ കാര്യാലയത്തിൽ വച്ച് ദർഘാസ്-ലേലം വഴി വില്പന നടത്തുന്നതാണ്. വിൽക്കാൻ ഉദ്ദേശിക്കുന്ന മരങ്ങളെ സംബന്ധിക്കുന്ന വിവരം താഴെ ചേർക്കുന്നു.

| യൂണിറ്റ് | കൂപ്പ് | ചുവടെ പിഴുതുവീണ മരങ്ങൾ | ഒടിഞ്ഞുവീണ പ്രധാന ശിഖരങ്ങൾ | ഏകദേശം തൂക്കം (ടൺ) |
|---|---|---|---|---|
| 1 | 1 കെ & 2 സി | 5 എണ്ണം | 55 എണ്ണം | 18 |
| 3 | 2 ഡി | 16 എണ്ണം | 45 എണ്ണം | 12 |
| 4 | 1 ബി | 18 എണ്ണം | 42 എണ്ണം | 12 |
| | **ആകെ** | 39 എണ്ണം | 142 എണ്ണം | 42 |

ദർഘാസ്– ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ തിരിച്ചറിയൽ രേഖയായ ആധാർ കാർഡ് ,പാസ്പോർട്ട് , ഡ്രൈവിംഗ് ലൈസൻസ് ,ഇലക്ഷൻ കാർഡ് എന്നിവയിലെ എന്തെങ്കിലും ഒന്നിന്റെ പകർപ്പ് പാൻ കാർഡ് എന്നിവയും അന്നേ ദിവസം രാവിലെ 11 മണിയ്ക്കു മുമ്പായി 10,000/– രൂപ നിരതദ്രവ്യം ആയി എസ്റ്റേറ്റ് മാനേജരുടെ ആഫീസിൽ അടച്ച് ദർഘാസ്-ലേല വ്യവസ്ഥകൾ ഒപ്പിട്ട് നല്കി ദർഘാസ്-ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. ദർഘാസുകൾ രാവിലെ 11 മണിവരെ എസ്റ്റേറ്റ് ആഫീസിൽ സ്വീകരിക്കുന്നതും ലേലത്തിനുശേഷം അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസ്-ലേലത്തിൽ പങ്കെടുക്കുന്നവർ 1 ടൺ എന്ന കണക്കിന് തടിയുടേയും വിറകിന്റേയും വില പ്രത്യേകം കണക്കാക്കി ലേലം വിളിക്കേണ്ടതാണ് അപ്രകാരം തന്നെ ദർഘാസിൽ രേഖപ്പെടുത്തേണ്ടതുമാണ്.

20 ഇഞ്ച് വണ്ണത്തിന് മുകളിലുള്ളതിനെ തടിയായും 20 ഇഞ്ച് വണ്ണത്തിന് താഴെയുള്ളതിനെ വിറകായും കണക്കാക്കുന്നതാണ്. ഏറ്റവും കൂടിയതുക ലേലത്തിൽ വിളിക്കുന്ന/ദർഘാസിൽ രേഖപ്പെടുത്തുന്ന ആൾ തുകയുടെ 1/3 ഭാഗം ഉടൻതന്നെ അടയ്ക്കേണ്ടതാണ്. ബാക്കി തുക ദർഘാസ്/ലേലം സ്ഥിരപ്പെടുത്തിയതായി അറിയിപ്പു കിട്ടിയതിനുശേഷം 7 ദിവസത്തിനുള്ളിൽ എസ്റ്റേറ്റ് ആഫീസിൽ അടയ്ക്കേണ്ടതാണ്.

ദർഘാസ് ലേലത്തിനെ സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ആഫീസിൽ നിന്നും കമ്പനി വെബ്സൈറ്റിൽ നിന്നും ലഭ്യമാക്കുന്നതാണ്.

മാനേജർ
കുളത്തൂപ്പുഴഎസ്റ്റേറ്റ്